# സംയോജിത ശിശു സംരക്ഷണ പദ്ധതി - കേരളം

സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി മെമ്പർ സെക്രട്ടറിയുടെ നടപടിക്രമങ്ങൾ
(ഹാജർ : റ്റി.വി അനുപമ ഐ.എ.എസ്, ഡയറക്ടർ, വനിതാ ശിശു വികസന വകുപ്പ്)

വിഷയം : വനിതാ ശിശു വികസന വകുപ്പ് - സംയോജിത ശിശു സംരക്ഷണ പദ്ധതി - പാലക്കാട് മുട്ടിക്കുളങ്ങര ഗവ ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ് - സ്ഥാപനം ശിശുസൗഹാർദ്ദമാക്കുന്നതിന്റെ ഭാഗമായി സ്ഥാപനത്തിന്റെ മുൻവശത്ത് ഒരു പൂന്തോട്ടം, ചുവർ – ചിത്രങ്ങൾ എന്നിവ സജ്ജീകരിക്കുന്നതിനുള്ള ആദ്യ ഗഡു അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം: (1) 10/01/2020-ലെ ഐ.സി.പി.എസ് എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനം നമ്പർ 32.17.

(2) മിനിസ്ട്രി ഓഫ് വിമൻ ആൻഡ് ചൈൽഡ് ഡവലപ്മെൻറിന്റെ 30/06/2020-ലെ കത്ത് നമ്പർ 22/30/2015-CW-II.

(3) ഈ കാര്യാലയത്തിൽ നിന്നുള്ള 20/01/2021-ലെ ഇതേ നമ്പർ ഉത്തരവ്

(4) പാലക്കാട് മുട്ടിക്കുളങ്ങര ഗവ ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ് സൂപ്രണ്ടിന്റെ 30/01/2021-ലെ കത്ത് നമ്പർ GCH/PKD/25/2020.

## ഉത്തരവ് നമ്പർ ICPS 2/1021/2021 തീയതി:04/03/2021

വനിതാ ശിശു വികസന വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന പാലക്കാട് മുട്ടിക്കുളങ്ങര ഗവ ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ് ശിശുസൗഹാർദ്ദമാക്കുന്നതിന്റെ ഭാഗമായി സ്ഥാപനത്തിന്റെ മുൻവശത്ത് പൂന്തോട്ടം സജ്ജീകരിക്കുന്നതിനായി പാലക്കാട് ജില്ലാ നിർമ്മിതി കേന്ദ്ര എക്സിക്യൂട്ടീവ് സെക്രട്ടറിയുടെ 3,32,000/-രൂപയുടെ എസ്റ്റിമേറ്റിൽ പരാമർശം മൂന്ന് ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിരുന്നു. പാലക്കാട് നിർമ്മിതി കേന്ദ്രവുമായി കരാറിൽ (MOU) ഏർപ്പെട്ടതിന്റെ പകർപ്പ് പരാമർശം നാല് പ്രകാരം സ്ഥാപന സൂപ്രണ്ട് ലഭ്യമാക്കിയിരിക്കുന്നു. പ്രസ്തുത എം.ഒ.യു പ്രകാരം ആകെ തുകയുടെ 20% അഡ്വാൻസ് ആയും ബാക്കി തുക ബിൽ/യൂട്ടിലൈസേഷൻ സർട്ടിഫിക്കേറ്റ് സമർപ്പിക്കുന്ന മുറയ്ക്ക് അനുവദിക്കുവാനും പരാമർശിച്ചിരിക്കുന്നു.

പരാമർശം ഒന്ന് പ്രകാരം ഐ.സി.പി.എസ് എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ പാലക്കാട് മുട്ടിക്കുളങ്ങര ഗവ ചിൽഡ്രൻസ് ഹോം ഫോർ ബോയ്സിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി കേന്ദ്രസർക്കാറിൽ നിന്നും ഐ.സി.പി.എസ് മാനദണ്ഡപ്രകാരം അനുവദിക്കുന്ന തുകയിൽ ആനുപാതിക സംസ്ഥാന ഫണ്ടു കൂടി ഉൾപ്പെടുത്തി ബിൽഡിംഗ് റീ-കൺസ്ട്രക്ഷൻ അംഗീകൃത ഏജൻസിയെ കൊണ്ട് ചെയ്യണമെന്ന് വ്യവസ്ഥയിൽ അംഗീകാരം ലഭിച്ചു. പരാമർശം രണ്ട് പ്രകാരം ഗവ ജെ.ജെ സ്ഥാപനങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കും മെയിൻറനൻസ് ജോലികൾക്കുമായി 291 ലക്ഷം രൂപയുടെ അനുമതി കേന്ദ്രസർക്കാറിൽ നിന്നും ലഭിച്ചു.

ടി സാഹചര്യത്തിൽ പാലക്കാട് മുട്ടിക്കുളങ്ങര ഗവ ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ് ശിശുസൗഹാർദ്ദമാക്കുന്നതിന്റെ ഭാഗമായി സ്ഥാപനത്തിന്റെ മുൻവശത്ത് പൂന്തോട്ടം സജ്ജീകരിക്കുന്നതിനായി പാലക്കാട് ജില്ലാ നിർമ്മിതി കേന്ദ്ര എക്സിക്യൂട്ടീവ് സെക്രട്ടറി സമർപ്പിച്ച എസ്റ്റിമേറ്റ് പ്രകാരമുള്ള തുകയായ 3,32,000/-രൂപയുടെ 20% തുകയായ 66,400/-രൂപ (അറുപത്തി ആറായിരത്തി നാനൂറു രൂപ മാത്രം) അനുവദിച്ച് ഉത്തരവാകുന്നു.

P.T.O

ടി തുക (66,400/-രൂപ) നടപ്പു സാമ്പത്തിക വർഷത്തെ ഐ.സി.പി.എസ് ശീർഷകമായ 2235-02-102-61 (P) 34 OC-ൽ നിന്നും പാലക്കാട് ജില്ലാ വനിതാ ശിശു വികസന ഓഫീസറുടെ പേരിൽ അലോട്ട്മെൻറ് ആയി നൽകേണ്ടതാണ്. ജില്ലാ വനിതാ ശിശു വികസന ഓഫീസർ ടി തുക പാലക്കാട് മുട്ടിക്കുളങ്ങര ഗവ ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ് സൂപ്രണ്ടിന് അലോട്ട്മെൻറ് ആയി നൽകേണ്ടതാണ്. പ്രസ്തുത തുക സ്ഥാപന സൂപ്രണ്ട് പാലക്കാട് ജില്ലാ നിർമ്മിതി കേന്ദ്രയ്ക്ക് ട്രാൻസ്ഫർ ഓഫ് ക്രഡിറ്റ് ചെയ്ത് നൽകേണ്ടതാണ്. സ്ഥാപന സൂപ്രണ്ട് ടി തുകയുടെ യൂട്ടിലൈസേഷൻ സർട്ടിഫിക്കേറ്റ്, എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെൻറ്, കൈപറ്റ് രസീത്, വർക്ക് കമ്പ്ലീഷൻ സർട്ടിഫിക്കേറ്റ് എന്നിവ ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

(ഒപ്പ്)
ഡയറക്ടർ,
വനിതാ ശിശു വികസന വകുപ്പ്
ആൻഡ് മെമ്പർ സെക്രട്ടറി
(എസ്.സി.പി.എസ്)

ജില്ലാ വനിതാ ശിശു വികസന ഓഫീസർ
പാലക്കാട്

സൂപ്രണ്ട്
ഗവ ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ്
മുട്ടിക്കുളങ്ങര, പാലക്കാട്

പകർപ്പ്

1. സൂപ്രണ്ട്, അലോട്ട്മെൻറ് സെക്ഷൻ
   (അലോട്ട്മെൻറ് നൽകുന്നതിനു വേണ്ടി)
2. ഐ.സി.പി.എസ്-4
3. സ്റ്റോക്ക് ഫയൽ
4. സ്പെയർ കോപ്പി
5. വെബ് സൈറ്റ്

ഉത്തരവിൻപ്രകാരം

സൂപ്രണ്ട്

OFFICE OF THE INTEGRATED CHILD PROTECTION SCHEME
THIRUVANANTHAPURAM 12
WOMEN & CHILD DEVELOPMENT DEPARTMENT